# ദേശീയ വനിതാ കർഷക ദിനാചരണം–2017

ഭാരത സർക്കാരിന്റെ കാർഷിക വികസനകർഷക ക്ഷേമ വകുപ്പും വനിതാ ശിശു വികസനവകുപ്പും സംയുക്തമായി രാജ്യത്ത് ഇദംപ്രഥമായി ഒക്ടോബർ 15 ദേശീയ വനിതാ കർഷക ദിനമായി ആചരിക്കാൻ ആഹ്വാനം ചെയ്തിരിക്കുന്നു. "ശക്തരായ വനിതകൾ, ശക്തമായ ഇന്ത്യ" എന്ന മുദ്രാവാക്യം ഉയർത്തിയ രാഷ്ട്രീയ മഹിളാ കിസാൻ ദിവസ് 2017 ന്റെ ഭാഗമായി കെ.വി.കെ. തൃശൂരിൽ ഒക്ടോബർ 13–19 വരെ വിവിധ പരിപാടികൾ സംഘടിപ്പിച്ചു. വി.എച്. എസ്.ഇ കാർഷിക വിദ്യാർത്ഥികൾക്കായി പ്രവർത്തി പരിചയ പരിശീലനം, വനിതാ കർഷക ഗ്രൂപ്പുകൾക്ക് പങ്കാളിത്ത പച്ചക്കറി വിത്തുൽപ്പാദനപരിശീലനം, വിദ്യാർത്ഥികൾക്ക് സംവാദം എന്നിവ സംഘടിപ്പിച്ചു. 19–ാം തിയ്യതി നടന്ന സമാപനസമ്മേളനത്തോടനുബന്ധിച്ച് "കാർഷിക വരുമാനവർദ്ധനവിൽ സ്ത്രീപങ്കാളിത്തം അനിവാര്യമോ" എന്ന സംവാദത്തിൽ കാർഷിക സർവ്വകലാശാലയിലെയും വെറ്റിനറി സർവ്വകലാശാലയിലെയും തൃശ്ശൂർ ജില്ലയിലെ വിവിധ ക്യാമ്പസ്സുകളിലെ വിദ്യാർത്ഥികൾ പങ്കെടുത്തു. കാർഷിക വികസനത്തിൽ സ്ത്രീകളുടെ അനിഷേധ്യമായ പങ്ക് ചടങ്ങിൽ സംസാരിച്ചവർ ഊന്നിപ്പറഞ്ഞു. വനിതാ കർഷകർക്ക് അനുപൂരകമായ രീതിയിൽ സാങ്കേതിക വിദ്യകൾ വികസിപ്പിക്കുന്നതിന്റെ ആവശ്യകത അദ്ധ്യക്ഷ ചൂിക്കാട്ടി. ജില്ലയിലെ കാർഷിക വികസനത്തിന് സ്തുത്യർഹമായ സംഭാവനനൽകിയ അഞ്ച് കർഷ്ക വനിതകളെ തദവസരത്തിൽ ആദരിച്ചു. കൃഷി വിജ്ഞാനകേന്ദ്രം മേധാവി ഡോ. എ. പ്രേമയുടെ അദ്ധ്യക്ഷതയിൽ നടന്ന ചടങ്ങിൽ മാടക്കത്തറ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി. ഇന്ദിരാ മോഹൻ അവാർഡ് ജേതാക്കളായ വനിതാ കർഷകരെ ആദരിച്ചു. സംവാദത്തിൽ വിജയികളായ വിദ്യാർത്ഥികൾക്ക് കേരള കാർഷിക സർവ്വകലാശാല വിജ്ഞാനവ്യാപനഅസോസിയേറ്റ് ഡയറക്ടർ ഡോ. അലക്സാർ ജോർജ്ജ് സമ്മാനദാനം നിർവ്വഹിച്ചു. ഡോ. സുമൻ കെ. റ്റി., ശ്രീമതി. സുമാ നായർ, ശ്രീമതി. സത്യാ വർമ്മ എന്നിവർ അഭിസംബോധനചെയ്ത് സംസാരിച്ചു.